(സി) ഇത്തരം മാംസവിപണനത്തിന് ഒരു ഏകീകൃതവില നടപ്പാക്കി ആയത് പ്രകാരം വിപണനം ഉറപ്പാക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് മാംസ വിപണനത്തിന് ഒരു ഏകീകൃത വിപണന സംവിധാനം നിലവിൽ ഇല്ല. എന്നാൽ MPI (Meat Products of India) കുത്താട്ടുകുളം, KSPDC (Kerala State Poultry Development Corporation, Tvm) എന്നീ സ്ഥാപനങ്ങൾ അവരുടെ ഉൽപ്പന്നങ്ങൾക്ക് ഒരു നിശ്ചിത വില തീരുമാനിച്ച് വിപണനം ചെയ്യുന്നുണ്ട്.

ഇരവിപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

307 (4695) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരവിപുരം നിയോജകമണ്ഡലത്തിൽ നിലവിൽ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

ഇരവിപുരം നിയോജകമണ്ഡലത്തിൽ നിലവിൽ വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിലും കൊറോണയുടെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിലും ദുരിതമനുഭവിക്കുന്ന മയ്യനാട് പഞ്ചായത്തിലെ 20 ക്ഷീരകർഷകരുടെ പശുക്കൾക്ക് സൗജന്യമായി കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്.

2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് പഞ്ചായത്ത് തലത്തിൽ ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിച്ച് അതുവഴി മലബാറി ആടുകളുടെ പ്രജനനം വർദ്ധിപ്പിക്കുകയും ടി യൂണിറ്റുകളിൽനിന്നും ഡിപ്പാർട്ട്മെന്റ്/ പഞ്ചായത്ത് പദ്ധതികൾക്ക് ആടുകളെ വിതരണം ചെയ്ത് സ്വയം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും, പാൽ, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു യൂണിറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 25,000 രൂപ സബ്സിഡി നൽകുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ഇരവിപുരം നിയോജകമണ്ഡലത്തിന് ഒരു യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

3. താറാവ് നഴ്സറികളുടെ സ്ഥാപനവും താറാവ് കൃഷിയുടെ പ്രചാരണവും കർഷകർക്കിടയിൽ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുകയും മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയാണിത്. ഒരു യൂണിറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് 1,200 രൂപ സബ്സിഡി നൽകുന്നു. 2021-22 സാമ്പത്തിക വർഷം ഇരവിപുരം നിയോജകമണ്ഡലത്തിന് 20 യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

4. ജൈവമാലിന്യങ്ങളെ വളമാക്കി മാറ്റുന്ന പദ്ധതി. ജൈവമാലിന്യങ്ങളെ വളമാക്കി മാറ്റുന്നതിനാവശ്യമായ ധനസഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. കന്നുകാലിഷെഡ്ഡിനോട് ചേർന്ന് വളക്കുഴി നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് 12,500 രൂപ ധനസഹായം നൽകുന്നു. 2021-22 സാമ്പത്തിക വർഷം ഇരവിപുരം നിയോജകമണ്ഡലത്തിന് ഒരു യൂണിറ്റ് അനുവദിച്ച് നൽകിയിട്ടുണ്ട്.

5. അണുവിമുക്തമാക്കലും ശുചിത്വവും. മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങളിൽ ശുചിത്വ പ്രവർത്തനങ്ങളും അണുനശീകരണവും നടത്തുക വഴി ഉപകരണങ്ങൾ, പരിസരം, എക്സാമിനേഷൻ ടേബിൾ തുടങ്ങിയവ ശുചിത്വത്തോടെ പരിപാലിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഇരവിപുരം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന പുന്തലത്താഴം വെറ്ററിനറി ഹോസ്പിറ്റൽ, മയ്യനാട് വെറ്ററിനറി ഡിസ്പെൻസറി, ഇരവിപുരം വെറ്ററിനറി ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങൾക്ക് ടി പദ്ധതി നടപ്പിലാക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

6. കന്നുകുട്ടിപരിപാലന പദ്ധതി ടി പദ്ധതി പ്രകാരം 4 മുതൽ 6 മാസം വരെയുള്ള കന്നുകുട്ടികളെ വരി ചേർത്ത് സബ്സിഡി നിരക്കിൽ ഗുണനിലവാരമുള്ള കാലിത്തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ കന്നുകുട്ടിക്ക് 28 മാസം പ്രായമാകുന്നതുവരെ സബ്സിഡി തുകയിൽ പരിമിതപ്പെടുത്തിനൽകുന്നു. ഇരവിപുരം നിയോജകമണ്ഡലത്തിലെ 212 എണ്ണം കന്നുകുട്ടികൾക്ക് ടി പദ്ധതി ആനുകൂല്യം നൽകിയിട്ടുണ്ട്.

7. ഗോസമൃദ്ധി എൻ.എൽ.എം. ഇൻഷ്വറൻസ് കർഷകരുടെ ഉന്നമനത്തിനായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഗോസമൃദ്ധി എൻ.എൽ.എം. ഇൻഷ്വറൻസ് പദ്ധതി പ്രകാരം കർഷകർക്കും അവരുടെ ഉരുക്കൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുനൽകുന്നു.

8. രാത്രികാല മൃഗചികിത്സാ സേവനം നടപ്പുസാമ്പത്തിക വർഷം മുതൽ രാത്രികാല മൃഗചികിത്സാ സേവനം എന്ന പദ്ധതി മുഖത്തല ബ്ലോക്കിൽ നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകുകയും ആയതിനു വേണ്ട നടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly